/106363/2023

നം.SJD/1454/2021-G5

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 20-07-2023
Email - swdkerala@gmail.com
Phone - 0471 – 2306040

## പുനർവിജ്ഞാപനം

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി വീടില്ലാത്ത പുരുഷൻമാരായ പ്രൊബേഷണർമാർ, ജയിലിൽ നിന്നും ജാമ്യത്തിൽ പുറത്തിറങ്ങിയിട്ടും താമസിക്കുവാൻ സ്ഥലമില്ലാത്തവർ, താമസിക്കുവാൻ ഇടമില്ലാത്തതിനാൽ ജയിലിൽ നിന്നും അവധി ലഭിക്കാത്തവർ തുടങ്ങിയവർക്കായി സംസ്ഥാനതലത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പ്രൊബേഷൻ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പുനരധിവാസ മേഖലയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തിപരിചയമുള്ളതും സമൂഹത്തിൽ വിശ്വാസ്യത തെളിയിച്ചിട്ടുള്ളതുമായ അംഗീകൃത NGO കളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു കൊള്ളുന്നു. നിലവിൽ ഒരേ സമയം 25 പേർക്ക് താമസസൗകര്യം ലഭ്യമാക്കുവാൻ കഴിയുന്ന കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം.

പ്രൊബേഷൻ ഹോം ആരംഭിക്കുന്നതിന് താത്പര്യമുള്ള സന്നദ്ധ സംഘടനകൾ വിശദമായ ധനകാര്യ വിശകലനം സഹിതമുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം 31/07/2023 തീയതി വൈകുന്നേരം 4.00 മണിക്കു മുൻപായി ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.sjd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**സാമൂഹ്യനീതി ഡയറക്ടർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്**
**വികാസ്ഭവൻ, Vth ഫ്ലോർ**
**പി.എം.ജി, തിരുവനന്തപുരം**
**PIN - 695003**

**സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി**

ഷീതി വിൽസൺ
അസിസ്റ്റന്റ് ഡയറക്ടർ
(PEN No. 692899)
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

SJD/395/2020-C1

9982/2023/C SJD

8982/2023

<u>താല്പര്യപത്രം</u>

സംസ്ഥാന സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രൊബേഷൻ ആൻഡ് ആഫ്റ്റർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി സ്വന്തമായി വീടില്ലാത്ത പ്രൊബേഷണർമാർ, ജാമ്യത്തിൽ പുറത്തിറത്തിറങ്ങുന്നവർ എന്നിവർക്കും താമസിക്കുവാൻ ഇടമില്ലാത്തതിനാൽ ജയിലിൽ നിന്നും അവധി ലഭിക്കാത്തവർ തുടങ്ങിയവർക്കായി സംസ്ഥാനതലത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പുരുഷൻമാർക്കുള്ള പ്രൊബേഷൻ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം കൊല്ലം ജില്ലയിൽ വാളകത്ത് പ്രവർത്തിച്ചു വരുന്ന പ്രൊബേഷൻ ഹോം നടത്തുന്ന സന്നദ്ധ സംഘടനയുടെ പ്രവർത്തനകാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർപ്രവർത്തനം നടത്തുന്നതിന് അനുയോജ്യമായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.പ്രൊബേഷൻ ഹോം നടത്തിപ്പ് സംബന്ധിച്ച പദ്ധതി മാർഗരേഖ അനുബന്ധം -1 ൽ ചേർക്കുന്നു.പദ്ധതിക്ക് അനുവദനീയമായ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -2 ൽ ചേർക്കുന്നു

<u>താത്പര്യപത്രം സമർപ്പിക്കുന്ന NGO കൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ</u>

- പരമാവധി 25 പേർക്കുള്ള താമസസൗകര്യവും സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയുന്ന സ്ഥാപനം ആയിരിക്കണം
- ക്ഷേമസ്ഥാപനങ്ങൾ നടത്തി കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തി പരിചയം ഉള്ളതും അംഗീകാരമുള്ളതുമായ NGO ആയിരിക്കണം.
- കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നതും, ആഫീസുള്ളതും സാമ്പത്തിക ഭദ്രത ഉള്ളതുമായ NGO ആയിരിക്കണം.
- മാനേജിംഗ് കമ്മിറ്റി/ഓഫീസ് സംവിധാനം എന്നിവ ഉള്ളതും സാമൂഹ്യപരമായി മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുള്ളതും സൽപ്പേര് നിലനിർത്തുന്നതുമായ് സ്ഥാപനം ആയിരിക്കണം.
- അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ സ്വന്തം കെട്ടിടം ഉള്ള NGO -ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.വാടക കെട്ടിടത്തിൽ ആണ് സ്ഥാപനം പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കെട്ടിടം ഉടമയുടെ സമ്മത പത്രം ഹാജരാക്കണം

**<u>താൽപര്യപത്രത്തിൽ ഉള്ളടക്കം ചെയ്യേണ്ട രേഖകൾ</u>**

താൽപര്യപത്രത്തിന്റെ അസ്സൽ, ഒരു ഫോട്ടോ കോപ്പി എന്നിവ ഉൾക്കൊള്ളിച്ച സീൽ ചെയ്ത കവർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ നേരിട്ട് അയയ്ക്കേണ്ടതാണ്.

ഭാഗം 1. നിർദിഷ്ട മാതൃകയിൽ ഉള്ള അപേക്ഷ (അനുബന്ധം 3 കാണുക )

ഭാഗം 2. സ്ഥാപനത്തിന്റെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്.

ഭാഗം 3. അവസാന 3 വർഷത്തെ ഓഡിറ്റ് ചെയ്ത ഫിനാഷ്യൽ സ്റ്റേറ്റ്മെന്റ്.

ഭാഗം 4 . സ്ഥാപനത്തിന്റെ ബൈ ലോ , മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ , registration certificate ന്റെ പകർപ്പ്

ഭാഗം 4. പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാം എന്നത് സംബന്ധിച്ച വിശദമായ കൺസപ്റ്റ് നോട്ട് (Concept Note).

ഭാഗം 5. NGO യിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ജീവനക്കാരുടെ വിവരങ്ങൾ

മുകളിൽ പറഞ്ഞ രേഖകൾ ഉള്ളടക്കം ചെയ്ത താത്പര്യപത്രം സീൽ ചെയ്ത കവറിനു മുകളിൽ **'സാമൂഹ്യനീതി വകുപ്പിന്റെ പിന്തുണയോടെ പ്രൊബേഷൻ ഹോം നടത്തുന്നതിനുള്ള താത്പര്യപത്രം'** എന്നെഴുതി രജിസ്റ്റേഡ് പോസ്റ്റ്/കൊറിയർ അല്ലെങ്കിൽ നേരിട്ട് എത്തിക്കേണ്ടതാണ്. താത്പര്യപത്രം സമർപ്പിക്കുന്ന സമയത്തുണ്ടാകുന്ന കാലതാമസത്തിനു സാമൂഹ്യനീതി വകുപ്പ് യാതൊരു തരത്തിലും ഉത്തരവാദി ആയിരിക്കുന്നതല്ല.

<u>താത്പര്യപത്രം അയക്കേണ്ട അവസാന തീയതി</u>

അപേക്ഷകർ തങ്ങളുടെ താൽപര്യപത്രം **31/07/2023 4 pm നു** മുൻപായി Director of Social Justice, 5th Floor, Vikas Bhavan, Thiruvananthapuram 695033 എന്ന വിലാസത്തിൽ ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.

**<u>മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡം</u>**

നിശ്ചിത തീയതിക്കു മുൻപായി സാമൂഹ്യനീതി വകുപ്പിൽ ലഭ്യമാകുന്ന താത്പര്യപത്രങ്ങൾ പ്രസ്തുത ആവശ്യത്തിനായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുന്നതാണ് . അത് കൂടാതെ, ടെക്നിക്കൽ കമ്മിറ്റി മുൻപാകെ 10 മിനിറ്റ് പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കേണ്ടതാണ്. ഒന്നിലധികം അപേക്ഷകരുണ്ടെങ്കിൽ സംഘടനയുടെ പ്രസ്തുത മേഖലയിലെ അനുഭവ സമ്പത്ത്, പദ്ധതി നടത്തിപ്പിൽ ഉൾച്ചേർക്കുന്ന നൂതന ആശയങ്ങൾ , എന്നിവ പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതായിരിക്കും.

<u>ടെക്നിക്കൽ പ്രെസന്റേഷന്റെ ഉള്ളടക്കം</u>

- NGO യുടെ പ്രൊഫൈൽ
- സമാനമേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരങ്ങൾ, അനുഭവ സമ്പത്ത്
- പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നയം.
- പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റേയും സ്ഥലത്തിന്റേയും വിവരങ്ങൾ.
- പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങൾ
- ബഡ്ജറ്റ് തുകയിൽ അധികരിക്കാതെ പദ്ധതി മെച്ചപ്പെടുത്തുന്നതിനും പുതിയ ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.
- മുൻപ് ഏതെങ്കിലും സർക്കാർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, ലഭ്യമായ അവാർഡുകൾ മറ്റു നേട്ടങ്ങൾ എന്നിവ.
- മറ്റു വിവരങ്ങൾ

പവർ പോയിന്റ് പ്രസന്റേഷൻ മുകളിൽ പറഞ്ഞ വിവരങ്ങൾ ഉൾക്കൊള്ളിച്ച് 10 സ്ലൈഡുകളിൽ അധികരിക്കാതെ വേണം അവതരിപ്പിക്കാൻ.

മുൻകൂറായി അറിയിക്കാതെയും, കാരണങ്ങളൊന്നും നൽകാതെ തന്നെയും ഈ താത്പര്യപത്രം നിരസിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും സാമൂഹ്യനീതി ഡയറക്ടർക്ക് സമ്പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ താത്പര്യപത്രത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകളിൽ പൂർണ്ണമായോ ഭാഗികമായോ മാറ്റം വരുത്തുന്നതിനും സാമൂഹ്യനീതിവകുപ്പിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ വരുത്തുന്ന മാറ്റങ്ങൾ താൽപ്പര്യപത്രം സമർപ്പിക്കുന്ന എല്ലാ അപേക്ഷകരേയും അറിയിക്കുന്നതായിരിക്കും.

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ

9562/2023/C SJD

8982/2023

അനുബന്ധം -2

Recurring Expenditure admissible for one year for 25 persons .

| | |
|---|---|
| Honorarium to Home Manager (₹21,000/- month) | 2,52,000/- |
| Care Taker cum Security (14,000/month x2 nos | 3,36,000/- |
| Cook (10,000/month) | 1,20,000/- |
| Rent (15,000 per month) | 1,80,000/- |
| Hospital Expense | 20,000/- |
| Clothing | 3000/- |
| Vocational Training | 18,000/- |
| Office Stationary, TA, Water Charge | 30,000/- |
| Miscellaneous Expense | 1000/- |
| Food expense (80x25x30x12) | 7,20,000/- |
| Conveyance Charge | 50,000/- |
| Total | 17,30,000/- |

അനുബന്ധം -3

**അപേക്ഷ മാതൃക**

| | |
|---|---|
| അപേക്ഷ നൽകുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ<br>സ്ഥാപനത്തിന്റെ പേര്, അഡ്രസ്സ് (പിൻ കോഡ്) | |
| ടെലിഫോൺ | |
| ഇ-മെയിൽ | |
| സ്ഥാപനം ആരംഭിച്ച വർഷം<br>(registration certificate ഉള്ളടക്കം ചെയ്യുക ) | |
| സ്ഥാപനത്തിന്റെ ബന്ധപ്പെട്ട അധികാരിയുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെയിൽ | |
| ഇതുവരെ ചെയ്ത/ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ | |
| ലഭ്യമായ അവാർഡുകൾ(if any ) | |
| | |

സ്ഥാപന മേധാവിയുടെ ഒപ്പ്